LIBRARY ARCHIVES Kerala Legislative Assembly

ന്യായവില സംബന്ധിച്ച പരാതികൾ

111 (5302) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലുമുള്ള വസ്തുക്കളുടെ ന്യായവില നിശ്ചയിച്ച് കരട് രൂപം പ്രസിദ്ധീകരിച്ചതെന്നാണ് ; കരടിന്മേൽ എത്ര പരാതികൾ ലഭിച്ചു ; ഇതിൽ എത്രയെണ്ണം പരിഹരിച്ചു ;

(ബി) ന്യായവില സംബന്ധിച്ച അന്തിമ വിജ്ഞാപനം എന്നാണ് പുറപ്പെടുവിച്ചത് ;

(സി) ഇതിന്റെ പകർപ്പ് വില്ലേജ് ഓഫീസുകളിൽ ലഭ്യമാക്കിയത് എന്നാണ് ;

(ഡി) ഇതിന്മേൽ അപ്പീൽ ഫയൽ ചെയ്യാനുള്ള കാലാവധി എന്ന് അവസാനിക്കും ;

(ഇ) നാളിതുവരെ ന്യായവില നിശ്ചയിച്ചതിന്മേൽ എത്ര അപ്പീൽ കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട് ;

(എഫ്) അപ്പീൽ ഫയൽ ചെയ്യാനുള്ള കാലാവധി നീട്ടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 5-5-2008-ൽ കരട് പ്രസിദ്ധീകരിച്ചു. കരടിന്മേൽ 8234 പരാതികൾ ലഭിച്ചു. അതിൽ 5448 എണ്ണം തീർപ്പാക്കി.

(ബി) 6-3-2010-ൽ പ്രസിദ്ധീകരിച്ചു.

(സി) 2010 മാർച്ചിൽ തന്നെ ലഭ്യമാക്കി.

(ഡി) 6-6-2010 വരെയാണ് സമയം അനുവദിച്ചിരുന്നത്.

(ഇ) 4497 അപ്പീൽ കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(എഫ്) പരിശോധിച്ചുവരുന്നു.

ഭൂമി പോക്കുവരവ് നടപടികളിലെ കാലതാമസം

112 (5304) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂമി പോക്കുവരവ് നടപടികളിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പോക്കുവരവിന് നിലവിലുള്ള മാനദണ്ഡങ്ങളും നിബന്ധനകളും എന്തൊക്കെയെന്ന് അറിയിക്കുമോ ;